# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകൃതം) CIN NO. U40100KL2011SGC027424

KSEB
കേരളത്തിന്റെ ഊർജ്ജം

രജി: ഓഫീസ്- വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004 Website: www.kseb.in

ഓഫീസ് ഓഫ് ദി ഡയറക്ടർ (ജനറേഷൻ)

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004

ഫോൺ (O): +91 471 2514283 ഫാക്സ് (O): +91 471 2447228 E-mail: mgekseb@ksebnet.com


നമ്പർ. ഡി (ജി.ഇ.)/ ജി.4/പി.എച്ച്.വിസിറ്റ്/15-1 6 തീയതി. 15/06/ 2015

## സർക്കുലർ

വിഷയം : കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള ഇടുക്കി ഭൂഗർഭ ജല വൈദ്യുത നിലയത്തിൽ (മൂലമറ്റം പവർ ഹൗസ്) സ്ഥിരം ജീവനക്കാർക്ക് പ്രവേശനം നൽകുന്നത് - പുനരവലോകനം- സംബന്ധിച്ച്.

സൂചന : 17/01/2015 , 03/02/ 2015 , 24/02/2015, 06/05/2015 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലർ

സൂചനയിലെ സർക്കുലറുകൾ പ്രകാരം, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സ്ഥിരം ജീവനക്കാർക്ക്, നിബന്ധനകൾക്കു വിധേയമായി 20-01-2015 മുതൽ 30-05-2015 വരെയുള്ള കാലയളവിൽ മൂലമറ്റം പവർ ഹൗസ് സന്ദർശിക്കാനുള്ള അനുമതി നൽകിയിരുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി പ്രസ്തുത കാലയളവിൽ 4442 ജീവനക്കാർ പവർ ഹൗസ് സന്ദർശിക്കുകയുണ്ടായി. 30-05-2015 -ന ശേഷം സന്ദർശനാനുമതി തുടരുന്ന വിഷയത്തില്, അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം നടത്തി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നു അറിയിച്ചിരുന്നു. സന്ദർശനാനുമതി ഒരു വർഷത്തേക്ക് കൂടി തുടരുവാനും ജീവനക്കാരുടെ കുടുംബാംഗംങ്ങളെക്കൂടി ഉൾപ്പെടുത്തി സന്ദർശനാനുമതി നൽകുവാനും ജീവനക്കാരുടെ ചില സംഘടനകൾ അവശ്യപ്പെട്ടിരുന്നു.

എന്നാല്, ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ മൂലമറ്റത്തെ ജനറേറ്ററുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾ നടത്തേണ്ടതിനാൽ പ്രസ്തുത കാലയളവിൽ ജീവനക്കാരുടെ സന്ദർശനം തൽക്കാലം ഒഴിവാക്കാനും, വാർഷിക അറ്റകുറ്റപ്പണികൾ പൂർത്തിയായതിനു ശേഷം ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിൽ സന്ദർശനം അനുവദിക്കാനും ചീഫ് എഞ്ചിനീയർ (ജനറേഷൻ) നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ കണക്കിലെടുത്ത്, മൂലമറ്റം പവർ ഹൗസിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സ്ഥിരം ജീവനക്കാർക്ക് പരീക്ഷണാടിസ്ഥാനത്തിൽ നൽകിയിരുന്ന സന്ദർശനാനുമതി തൽക്കാലം നിർത്തിവക്കാനും, ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിൽ പുനരാരംഭിക്കാനും തീരുമാനിച്ചിരിക്കുന്നു. ജനറേറ്ററുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ പൂർത്തിയായതിനു ശേഷം, സന്ദർശനാനുമതി പുനരാരംഭിക്കുന്ന തീയതി പിന്നാലെ അറിയിക്കുന്നതായിരിക്കും.

ഒപ്പ്

സി. വി. നന്ദൻ

ഡയറക്ടർ (ജനറേഷൻ)

പകർപ്പ് :- 1.. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും , മറ്റ് ഓഫീസ് മേധാവികൾക്കും.

2. സി.എം.ഡി.യുടേയും മറ്റു ഡയറക്ടർമാരുടേയും റ്റി.എ.

3. എല്ലാ ട്രേഡ് യൂണിയനുകൾക്കും ഓഫീസർമാരുടെ സംഘടനകൾക്കും

# KERALA ELECTRICITY EMPLOYEES' CONFEDERATION
# INTUC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം
02-06-2015

സ്വീകർത്താവ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

സൂചന: (1). ഞങ്ങളുടെ കത്ത് തീയതി 21.10.2013
(2) No.D (S..C.M & GE)/G4/PH.Visit/14-15 dated 17.10.2015
(3). ഞങ്ങളുടെ കത്ത് തീയതി 18.2.2015
(4) No.D (S..C.M & GE)/G4/PH.Visit/14-15 dated 24.2.2015

സൂചന (1) കത്ത് പ്രകാരം വൈദ്യുതി ബോർഡിന്റെ മൂലമറ്റം പ്രോജക്ട് സന്ദർശിക്കുന്നതിന് ജീവനക്കാരെ അനുവദിക്കണമെന്ന് കോൺഫെഡറേഷൻ ആവശ്യപ്പെട്ടിരുന്നു. സൂചന (2) പ്രകാരം ജീവനക്കാർക്ക് മൂലമറ്റം പവ്വർഹൗസ് കാണുന്നതിനുള്ള അനുവാദം നൽകിക്കൊണ്ട് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഞങ്ങളുടെ ആവശ്യം പരിഗണിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു. ഉത്തരവ് സൂചന (2) പ്രകാരം ഫെബ്രുവരി 19 ാം തീയതിവരെ പരിക്ഷണ അടിസ്ഥാനത്തിൽ പവ്വർഹൗസ് കാണുവാൻ അനുവാദം നൽകിയിരുന്നു. തുടർന്ന് ഞങ്ങളുടെ ആവശ്യ പ്രകാരം സൂചന (3) 2015 മേയ് മാസം 30 വരെ പവർ ഹൗസ് കാണുന്നതിനുള്ള അനുവാദം നീട്ടിയിരുന്നു സൂചന (4).

സന്ദർശനംമൂലം വൈദ്യുതി നിലയത്തിന്റെ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടായിട്ടില്ലാത്തതിനാലും ഒരു സ്ഥാപനത്തിലെ ജീവനക്കാർ ആ സ്ഥാപനത്തിന്റെ സുരക്ഷയ്ക്ക് തടസ്സമാകില്ലാത്തതിനാലും തുടർന്നും ഒരു

വർഷത്തേക്ക് ഒരു ദിവസം 100 പേർ എന്ന കണക്കിൽ മൂലമറ്റം പവ്വർഹൗസ് സന്ദർശിക്കുന്നതിനുള്ള ബോർഡ് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സൂചന (2) ബോർഡ് ഉത്തരവ് Clause 16 പ്രകാരം, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സംഘടനകൾ നൽകുന്ന കൂടുതൽ നിർദ്ദേശങ്ങൾ പരിഗണിക്കുമെന്നും പ്രതിപാദിച്ചിട്ടുണ്ട്. ജീവനക്കാരോടൊപ്പം അവരുടെ കുടുംബാഗങ്ങൾക്കും (ശരിയായ രേഖയോടെ) പവ്വർഹൗസ് സന്ദർശിക്കുന്നതിനുള്ള അനുവാദം നൽകുന്നത് ജീവനക്കാരും മാനേജ്മെന്റും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമാകും എന്നുള്ളതുകൂടി പരിഗണിച്ച് കുടുംബാഗങ്ങൾക്ക് കൂടി പവ്വർഹൗസ് സന്ദർശിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള അനുകൂല തീരുമാനമെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

[signature]

ജനറൽ സെക്രട്ടറി

പകർപ്പ്: ഡയറക്ടർ (ജനറേഷൻ) KSEB Ltd